# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3006**. **21-08-2017 ൽ മറുപടിയ്ക്ക്**

## മെത്രാൻ കായലിലെ കൃഷി

**ചോദ്യം**
ശ്രീ.അൻവർ സാദത്ത്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മെത്രാൻ കായലിൽ എത്ര ഏക്കർ കൃഷി സ്ഥലമുണ്ട്; ഇതിൽ എത്ര ഏക്കർ സ്ഥലത്താണ് സർക്കാർ കൃഷി നടത്തിയത്; | (എ) | 404 ഏക്കർ വിസ്തൃതിയുള്ള മെത്രാൻ കായൽ പാടശേഖരത്തിൽ സർക്കാർ സഹായത്തോടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ചു മുഖാന്തിരം 2016-17 വർഷത്തിൽ കർഷക ഉടമസ്ഥതയിലുള്ള 24 ഏക്കർ സ്ഥലത്തും കമ്പനികളുടെ ഉടമസ്ഥതയിലുണ്ടായിരുന്ന 274 ഏക്കർ സ്ഥലത്തും കൃഷി നടത്തി. |
| (ബി) | ബണ്ട് നിർമ്മാണത്തിനും നെൽകൃഷി ഇറക്കുന്നതിനുമായി എന്ത് തുക ചെലവായി; | (ബി) | ബണ്ട് നിർമ്മാണത്തിനും നെൽകൃഷി ഇറക്കുന്നതിനുമായി 61,49,069/- രൂപ കൃഷി വകുപ്പ് ചെലവാക്കി. |
| (സി) | എത്ര ക്വിന്റൽ അരി ഉല്പാദിപ്പിച്ചു; അതിൽ എത്ര വില്പന നടത്തി; ഇതിലൂടെ ലഭിച്ച വരുമാനം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ ? | (സി) | ഏകദേശം 600 ടൺ മൊത്ത വിളവ് ലഭിച്ചു. ഓയിൽ പാം ഇൻഡ്യയുടെ വെച്ചൂരിലുള്ള മോഡേൺ റൈസ് മിൽ വഴി 356.3 മെട്രിക് ടൺ നെല്ല് സംഭരിച്ചതിൽ കർഷകർക്ക് 81.27 ലക്ഷം രൂപയുടെ വരുമാനം ലഭിച്ചു. സ്വകാര്യ മില്ലുകൾ വഴിയും കർഷകർ ഉത്പാദിപ്പിച്ച നെല്ല് സംഭരിക്കുകയുണ്ടായി. ഇതു വഴി കർഷകർക്കു ലഭിച്ച വരുമാനം ഇതിൽ ഉൾപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**